| | | | |
|---|---|---|---|
| | | | സംസ്ഥാനത്തിന് പ്രത്യേകമായി ജില്ലാതലത്തിലും സംസ്ഥാനതലത്തിലും ദുരന്തനിവാരണ സേന (State Disaster Response Force) രൂപീകരിക്കുന്ന കാര്യം നടപ്പിലാക്കി വരുന്നു. ഇതിലേക്കായി തെരഞ്ഞെടുക്കുന്ന പോലീസ്, ഫയർ & റസ്ക്യൂ ഉദ്യോഗസ്ഥരെ ദേശീയ ദുരന്തനിവാരണ സേന (NDRF) സേനയുടെ പരിശീലന കേന്ദ്രങ്ങളിലയച്ച് ദുരന്തനിവാരണ വിഷയങ്ങളിൽ പരിശീലനം നൽകുന്ന പദ്ധതിയാണ് വിഭാവന ചെയ്തിട്ടുള്ളത്. ഇതുകൂടാതെ ദേശീയ ദുരന്തനിവാരണ അതോറിറ്റി (National Disaster Management Authority - NDMA) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാന്റ് ആന്റ് ഡിസാസ്റ്റർ മാനേജ്മെന്റ് (ഐ.എൽ.ഡി.എം) എന്നിവിടങ്ങളിൽ നടത്തുന്ന പരിശീലന പരിപാടികളിൽ റവന്യൂ, പോലീസ്, ഫയർ & റസ്ക്യൂ ഉദ്യോഗസ്ഥർ പങ്കെടുക്കാറുമുണ്ട്. 2012 - 13 വർഷങ്ങളിലെ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ വാർഷിക പദ്ധതിയിലും ഐ.എൽ.ഡി.എം ട്രെയിനിംഗ് കലണ്ടറിലും ഇത്തരം പരിശീലന പരിപാടികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 2670 21.06.2012- ൽ മറുപടിക്ക്**

**ദുരന്തനിവാരണത്തിന് റവന്യൂ, പോലീസ്, ഫയർഫോഴ്സ് വിഭാഗങ്ങൾക്ക് പ്രത്യേക പരിശീലനം**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. പി. ഉബൈദുള്ള | | ശ്രീ. അടൂർ പ്രകാശ് (ബഹു. റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) | ദുരന്തങ്ങൾ നേരിടുന്നതിനും ശാസ്ത്രീയമായി കൈകാര്യം ചെയ്യുന്നതിനും റവന്യൂ, പോലീസ്, ഫയർഫോഴ്സ് വകുപ്പുകളിലെ ജീവനക്കാർക്ക് പ്രത്യേക പരിശീലനം കൊടുക്കുന്ന പദ്ധതികൾ ആവിഷ്കരിക്കുമോ ; | (എ) | ആവിഷ്കരിച്ചിട്ടുണ്ട്. |
| (ബി) | ദുരന്തങ്ങൾ നേരിടുന്നതിന് വില്ലേജ്തലത്തിൽ സന്നദ്ധസേന സജ്ജമാക്കുന്ന കാര്യം പരിഗണിക്കുമോ ; | (ബി) & (സി) | വില്ലേജ് തലത്തിൽ ദുരന്തനിവാരണ പ്രവർത്തനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഏതൊരു ദുരന്തത്തിന്റെയും ആഘാതം ആദ്യം ഏൽക്കേണ്ടി വരുന്നതും ഇതിനോട് ആദ്യമായി പ്രതികരിക്കേണ്ടതും സമൂഹമാണെന്നു മനസ്സിലാക്കി ദുരന്ത പ്രതിരോധവും ദുരന്ത ആഘാത ലഘൂകരണവും മുൻനിർത്തി ഒരു സാമൂഹികാധിഷ്ഠിത ദുരന്ത പ്രതികരണ പദ്ധതി (Community Based Disaster Risk Management - CBDRM) നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. പദ്ധതി ആവിഷ്കരിക്കുന്നതിനും നടപ്പിലാക്കുന്നതിനും സമൂഹത്തിന്റെ പങ്കാളിത്തം ഉറപ്പാക്കുക എന്നതാണ് ഈ പദ്ധതിയുടെ പ്രധാന ഘടകം. ദുരന്ത സാധ്യത കൂടിയ പ്രദേശങ്ങളിലെ ആളുകൾക്ക് ദുരന്തസാധ്യതയെപ്പറ്റിയുള്ള അവബോധവും ആഘാതം ലഘൂകരിക്കാനുള്ള ശേഷി വർദ്ധിപ്പിക്കാനും സ്വയംരക്ഷ നേടാനുള്ള പ്രാപ്തി കൈവരിക്കാനുള്ള ശേഷി വർദ്ധിപ്പിക്കലുമാണ് ഇത് കൊണ്ട് ലക്ഷ്യമിടുന്നത്. വില്ലേജുതല ദുരന്ത നിവാരണ കമ്മിറ്റി (Village Level Disaster Management Committees) രൂപീകരിക്കലും അവയിലെ അംഗങ്ങൾക്ക് ഇതിനാവശ്യമായ പരിശീലനം നൽകുന്നതും വില്ലേജ്തലത്തിൽ Emergency Response Team - Task force രൂപീകരിക്കുന്നതും ഈ പദ്ധതിയുടെ ഭാഗമാണ്. സംസ്ഥാനത്ത് 70 വില്ലേജുകളിൽ ഈ പദ്ധതി ആദ്യം നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. |
| (സി) | ഈ സർക്കാർ അധികാരമേറ്റ ശേഷം ഇക്കാര്യത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ? | | |